പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1367 31/10/2019 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

**ചോദ്യം**

**ശ്രീ. കെ.എൻ.എ ഖാദർ**

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി നോക്കുന്ന അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ട കാലം അതിക്രമിച്ചു വെന്ന വിലയിരുത്തലുണ്ടായിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(സി) അൺഎയ്ഡഡ് മേഖലയുടെ അഭാവത്തിൽ വിദ്യാർത്ഥികളുടെ പഠനത്തിന് സർക്കാർ സ്കൂളുകളിൽ കൂടുതൽ അവസരമൊരുക്കേണ്ടി വരുമെന്നത് സർക്കാരിന് ഭാരിച്ച ചുമതലയാവുമെന്ന് കണ്ട് സർക്കാർ അധ്യാപകരുടേതിന് തുല്യമായ യോഗ്യതകളോടെ അൺഎയ്ഡഡ് സ്കൂളുകളിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ അടിയന്തിരമായി നിശ്ചയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രി)**

(എ), (ബി) & (സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ